2024
MAY
29
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപന്നങ്ങൾ
Home Delivery
9847 12 9091, 98465 97821



## കേരളത്തിലേക്കുള്ള കൂടുതൽ വിമാനങ്ങൾ റദ്ദാക്കി എയർ ഇന്ത്യ എക്സ്പ്രസ്

**മസ്കത്ത്:** യാത്രക്കാർക്ക് തിരിച്ചടിയായി ഒമാനിൽ നിന്ന് കേരളത്തിലേക്കുള്ള എയർ ഇന്ത്യ എക്സ്പ്രസിൻറെ കൂടുതൽ വിമാനങ്ങൾ റദ്ദാക്കി. അടുത്തമാസം ഏഴ് വരെയുള്ള സർവീസുകളാണ് റദ്ദാക്കിയത്. തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ വിമാനത്താവളങ്ങളിലേക്കും തിരിച്ചുമുള്ള വിമാന സർവീസുകൾ ജൂൺ 7 വരെ റദ്ദാക്കി. കോഴിക്കോട്, കണ്ണൂർ, തിരുവനന്തപുരം എന്നിവിടങ്ങളിൽ നിന്ന് മസ്കത്തിലേക്കും തിരിച്ചുമുള്ള ആകെ 14 സർവീസുകളാണ് റദ്ദാക്കിയത്.

ജൂൺ 2, 4, 6 ദിവസങ്ങളിലെ കോഴിക്കോട് മസ്ക്റ്റ് വിമാനവും ജൂൺ 3, 5, 7 ദിവസങ്ങളിലെ മസ്കറ്റ് കോഴിക്കോട് സർവീസുകളും റദ്ദാക്കി. ജൂൺ 1, 3, 5, 7 ദിവസങ്ങളിൽ കണ്ണൂരിൽ നിന്നും മസ്കറ്റിലേക്കും തിരിച്ചും സർവീസുണ്ടാകില്ല. തിരുനന്തപുരത്ത് നിന്നും മസ്കറ്റിലേക്കും തിരിച്ചുമുള്ള സർവീസുകളേയും പുതിയ തീരുമാനം ബാധിക്കും. ബലിപെരുന്നാൾ ആഘോഷത്തിനും കേരളത്തിൽ അധ്യയന വർഷം ആരംഭിക്കുന്നത് കണക്കാക്കിയും യാത്ര പ്ലാൻ ചെയ്തവർക്ക് കനത്ത തിരിച്ചടിയാകും ഇത്.

# കനത്ത മഴയിലും മണ്ണിടിച്ചിലിലും 36 പേർ മരിച്ചു

### റിമാൽ ചുഴലിക്കാറ്റിനെ തുടർന്ന് എട്ട് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ റോഡ്, റെയിൽ, വൈദ്യുതി, ഇൻറർനെറ്റ് സേവനങ്ങൾ തടസപ്പെട്ടു

**ഗുവാഹത്തി:** കനത്ത മഴയിലും മണ്ണിടിച്ചിലിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ 36 പേർ മരിച്ചതായി റിപ്പോർട്ട്. ചൊവ്വാഴ്ച ഉണ്ടായ മഴയിലും മണ്ണിടിച്ചിലിലും മിസോറാമിൽ 27 പേരും നാഗാലാൻഡിൽ നാലും അസമിൽ മൂന്നും മേഘാലയയിൽ രണ്ടുപേരും മരിച്ചെന്ന് അധികൃതർ പറഞ്ഞു.

റിമാൽ ചുഴലിക്കാറ്റിനെ തുടർന്ന് എട്ട് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ റോഡ്, റെയിൽ, വൈദ്യുതി, ഇൻറർനെറ്റ് സേവനങ്ങൾ തടസപ്പെട്ടിരിക്കുകയാണ്. ശക്തമായ കാറ്റിനൊപ്പം പെയ്ത മഴയിൽ ഉരുൾ പൊട്ടലും ഉണ്ടായതായി റിപ്പോർട്ടുകളുണ്ട്.

മിസോറാമിലെ ഐസ്വാൾ ജില്ലയിൽ ക്വാറി തകർന്ന് നിരവധി പേർമരിക്കുകയും പത്തുപേരെ കാണാതാവുകയും ചെയ്തു. തകർന്ന കെട്ടിടങ്ങൾക്കിടയിൽ നിരവധിപേർ കുടുങ്ങികിടക്കുന്നുണ്ടെന്നും കാണാതായവർക്കായി തെരച്ചിൽ ഊർജിതമാക്കിയെന്നും ജില്ലാ ഭരണകൂടം



അറിയിച്ചു.

അസമിൽ കാംരൂപ്, കാംരൂപ് (മെട്രോ), മോറിഗാവ് ജില്ലകളിൽ മഴയിൽ കനത്ത നാശനഷ്ടമുണ്ടായി. സോനിത്പൂർ ജില്ലയിൽ സ്കൂൾ ബസിനു മുകളിൽ മരക്കൊമ്പ് വീണ് 12 വിദ്യാർഥികൾക്ക് പരിക്കേറ്റു. മൊറിഗാവിൽ വിവിധ സംഭവങ്ങളിലായി അഞ്ച് പേർക്ക് പരിക്കേറ്റു.

# 4 ജില്ലകളിൽ ഓറഞ്ച് അലർട്ട് മഴക്കെടുതിയിൽ 6 മരണം; കാലവർഷം 3 ദിവസത്തിനകം

**തിരുവനന്തപുരം** : സംസ്ഥാനത്തു മഴ ശക്തമായ സാഹചര്യത്തിൽ 4 ജില്ലകളിൽ ഓറഞ്ച് അലർട്ട്. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം ജില്ലകളിലാണു തീവ്രമഴയ്ക്ക് സാധ്യത. തിരുവനന്തപുരം, ഇടുക്കി, തൃശൂർ ജില്ലകളിൽ യെലോ മുന്നറിയിപ്പാണ്. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന് മുന്നറിയിപ്പുണ്ട്.രണ്ടോ മൂന്നോ ദിവസത്തിനകം കാലവർഷം എത്തിയേക്കുമെന്നാണു കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം. നിലവിൽ തെക്കൻ തമിഴ്നാട് തീരത്തിനു മുകളിലായി ചക്രവാതച്ചുഴി നിലനിൽക്കുന്നുണ്ട്. കേരളടമടക്കം രാജ്യത്ത് പൊതുവിൽ ഈ കാലവർഷത്തിൽ സാധാരണയിലും കനത്ത മഴ പെയ്യുമെന്നാണ് പ്രവചനം. ദീർഘകാല ശരാശരിയുടെ (106 ശതമാനം വരെ മഴ ലഭിക്കാനാണ് സാധ്യത.കനത്ത മഴയിൽ കെഎ



സ്ഇബിക്ക് വൻ നാശനഷ്ടമുണ്ടായി. പോസ്റ്റുകളും വിതരണലൈനുകളും തകർന്ന് 48 കോടിയിലേറെ നഷ്ടമുണ്ടായെന്നാണ് കണക്ക്. ആലപ്പുഴ ജില്ലയിൽ മൂന്ന് ദുരിതാശ്വാസ ക്യാംപുകൾ കൂടി ആരംഭിച്ചു. സംസ്ഥാനത്ത് മഴക്കെടുതിയിൽ 6 പേർ മരിച്ചു. 2 പേരെ കാണാതായി.





വിശ്വ ഹിന്ദു പരിഷത്ത് സേവാ വിഭാഗിന്റെ നേതൃത്വത്തിൽ വിദ്യാർഥികൾക്കായി വിവേകാനന്ദ വിദ്യാലയം ഹാളിൽ സംഘടിപ്പിച്ച കരിയർ ഗൈഡൻസ് സെമിനാർ വിഎച്ച് പി സംസ്ഥാന ജോയിന്റ് ട്രഷറർ വിശ്രീകുമാർ ഉദ്ഘാടനം ചെയ്യുന്നു

# കരിയർ ഗൈഡൻസ് സെമിനാർ നടത്തി

**കൊച്ചി:** എസ്.എസ്.എൽ.സി, പ്ലസ്, ടു, ഡിഗ്രി പഠനം പൂർത്തിയാക്കിയ വിദ്യാർഥികൾക്കായി വിശ്വ ഹിന്ദു പരിഷത്ത് സേവാ വിഭാഗിന്റെ നേതൃത്വത്തിൽ കരിയർ ഗൈഡൻസ് സെമിനാർ നടത്തി. വിവേകാനന്ദ വിദ്യാലയം ഹാളിൽ സംഘടിപ്പിച്ച സെമിനാർ വിഎച്ച് പി സംസ്ഥാന ജോയിന്റ് ട്രഷറർ വിശ്രീകുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് കെ.ജി. രവീന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ജോയിന്റ് സെക്രട്ടറി എം കെ ജോഷി, രമേശ് കാവന, ധർമ്മ പ്രസാർ പ്രമുഖ് രാധാകൃഷ്ണ പിള്ള, ടി കെ രാജൻ, എം.കെ ഹരിശ്ചന്ദ്രൻ, ടി.കെ വിജയൻ തുടങ്ങിയവർ സംസാരിച്ചു.വിദ്യാഭ്യാസ, കരിയർ മേഖലകളിലെ വിദഗ്ദരായ ജോബി ബാലകൃഷ്ണൻ, ബാബു പള്ളിപ്പാട്ട് എന്നിവർ സെമിനാറിന് നേതൃത്വം നൽകി.



# ഭവൻസ് ആദർശ വിദ്യാലയത്തൽ പുതിയ കിൻഡർ ഗാർട്ടൻ

**കൊച്ചി:** കാക്കനാട് ഭവൻസ് ആദർശ വിദ്യാലയത്തിലെ പുതിയ കിൻഡർ ഗാർട്ടൻ മന്ദിരം മുംബൈ ഭാരതീയ വിദ്യാഭവൻ ജോയിൻറ് സെക്രട്ടറിയും രജിസ്ട്രാറുമായ ജഗദീഷ് ലഖാനി ഉദ്ഘാടനം ചെയ്തു. ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്രം ചെയർമാൻ സി.എ. വേണുഗോപാൽ സി. ഗോവിന്ദ്, ഡയറക്ടർ ഇ. രാമൻകുട്ടി, ഡെപ്യൂട്ടി ഡയറക്ടർ കെ.സുരേഷ്, ഓണററി സെക്രട്ടറി പി.എ. ശങ്കരനാരായണൻ, പ്രിൻസിപ്പൽ കല്യാണി മേനോൻ, വൈസ് പ്രിൻസിപ്പൽ ജ്യോതി പ്രദീപ്, അസിസ്റ്റൻറ് വൈസ് പ്രിൻസിപ്പൽ ജ്യോതിർമയി, കെജി വിഭാഗം ഇൻചാർജ് സപ്ന ഏബ്രഹാം, വിദ്യാഭ്യാസ വിദഗ്ധർ തുടങ്ങിയവർ പങ്കെടുത്തു. ഭാരതീയ വിദ്യാഭവൻറ് കൊച്ചി കേന്ദ്രത്തിൻറ് സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായിട്ടാണ് പുതിയ മന്ദിരം ഉദ്ഘാടനം ചെയ്തത്.

# റേഞ്ച് റോവർ കാറുകൾ ഇന്ത്യയിൽ നിർമിക്കുന്നു

**കൊച്ചി:** ജഗ്വാർ ലാൻഡ് റോവറിന്റെ റേഞ്ച് റോവർ, റേഞ്ച് റോവർ സ്പോർട്സ് കാറുകൾ ഇന്ത്യയിൽ നിർമ്മിക്കാൻ ടാറ്റാ മോട്ടോർസ് പദ്ധതിയിടുന്നു. കമ്പനിയുടെ പൂനെ പ്ലാന്റിൽ നിന്നായിരിക്കും ഇതിനു സൗകര്യമൊരുക്കുന്നത്. 1970 മുതൽ ബ്രിട്ടനിൽ ഉദ്പാദിപ്പിക്കുന്ന ജെ. എൽ. ആറിന്റെ റേഞ്ച് റോവർ, റേഞ്ച് റോവർ സ്പോർട്സ് മോഡലുകൾ ആദ്യമായാണു ബ്രിട്ടന് പുറത്തു അസംബിൾ ചെയ്യുന്നത്. ഈ മാസം അവസാനത്തോടെ ഈ കാറുകൾ വിപണിയിലെത്തുമെന്ന് ജെ. എൽ. ആർ മാനേജിംഗ് ഡയരക്ടർ രാജൻ അംബ പറഞ്ഞു.ഇന്ത്യയിൽ അസംബിൾ ചെയ്യുന്നത് വഴി വിലയിൽ 18 മുതൽ 22 ശതമാനം വരെ കുറവ് വരുമെന്ന് അദ്ദേഹം വ്യക്തമാക്കി. റേഞ്ച് രോവരിന്റെ വില നിലവിലെ 3.3 കോടിയിൽ നിന്ന് 2.6



കോടിയായി കുറയും. റേഞ്ച് റോവർ സ്പോർട്സ് കാറിന്റെ വില 1.8 കോടിയിൽ നിന്ന് 1.4 കോടിയായി താഴും. ആഡംബര കാറുകൾ നേരിട്ട് ഇറക്കുമതി ചെയ്യുമ്പോൾ 100 ശതമാനം നികുതിയാണ് ഇന്ത്യ ചുമത്തുന്നത്.പൂനെ പ്ലാന്റിൽ നിലവിൽ റേഞ്ച് രോവൽ വേലാർ, ഇവോക്, ജഗ്വാർ എഫ് പ്ലസ്, ഡിസ്കവറി സ്പോർട്സ് മോഡലുകൾ അസംബിൾ ചെയ്യുന്നുണ്ട്. ഇന്ത്യൻ വിപണിയിൽ ജഗ്വാർ ലാൻഡ് റോവർ കാറുകൾക്ക് ആവശ്യം ശക്തമാണ്. ഇന്ത്യൻ വിപണിയിലുള്ള ആത്മവിശ്വാസം കൊണ്ടാണ് റേഞ്ച് റോവർ, റേഞ്ച് റോവർ സ്പോർട്സ് മോഡലുകൾ ഇവിടെ അസംബിൾ ചെയ്യുന്നതെന്ന് ടാറ്റാ സൺസ് ചെയർമാൻ എൻ. ചന്ദ്രശേഖരൻ വ്യക്തമാക്കി. അടുത്ത രണ്ടു മൂന്നു വർഷത്തിനുള്ളിൽ ഇന്ത്യയിൽ വിൽപ്പന ഇരട്ടിയാക്കാനാണ് ജെ എൽ ആർ ലക്ഷ്യമിടുന്നത്. 2023 കലണ്ടർ വർഷത്തിൽ ജെ എൽ ആർ 4436 വാഹനങ്ങളാണ് ഇന്ത്യയിൽ വിറ്റഴിച്ചത്. 2022ലേക്കാൾ 81 ശതമാനമാണ് വർദ്ധന. അതെസമയം ജെ എൽ ആർ കാറുകൾ പൂർണ്ണമായി ഇന്ത്യയിൽ നിർമ്മിക്കാൻ ഇപ്പോൾ പദ്ധതി ഇല്ലെന്നു രാജൻ അംബ പറഞ്ഞു.



# സാന്ത്വനം ഫ്രണ്ട്സ് കൂട്ടായ്മ പ്രവർത്തനോദ്ഘാടനം

കൊച്ചി: ജീവകാരുണ്യരംഗത്ത് ചുവടുറപ്പിക്കുവാനും സമൂഹത്തിന് നല്ല മാതൃകാ സന്ദേശവും നൽകി വിവിധ രംഗത്ത് പ്രവർത്തിക്കുന്ന സുഹൃത്തുക്കൾ ചേർന്ന് രൂപീകരിച്ച സാന്ത്വനം ഫ്രണ്ട്സ് കൂട്ടായ്മ ചാരിറ്റബിൾ ട്രസ്റ്റ് പ്രവർത്തനം തുടങ്ങി. കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ട്രസ്റ്റിൻറെ പ്രവർത്തനോത്ഘാടനം ആലുവ മഹനാമി ഹോട്ടലിൽ നടന്ന ചടങ്ങിൽ ആലുവ എം എൽ എ അൻവർ സാദത്ത് ഉത്ഘാടനം ചെയ്തു. ട്രസ്റ്റ് ചെയർമാൻ എം മനോജ് അദ്ധ്യക്ഷത വഹിച്ചു. എസ് എസ് എൽ സി, പ്ലസ്ടു വിജയികൾക്കുള്ള മൊമന്റോ വിതരണവും ചടങ്ങിൽ നിർവ്വഹിച്ചു. സാമൂഹ്യ പ്രവർത്തകൻ ഷെരീഫ് ഫോർട്ട്കൊച്ചി, അഡ്വ.ആർ ബി മുരളീധരൻ എന്നിവർ ട്രസ്റ്റിന്റെയും,നാഷണൽ ഫോറം ഫോർ ഹ്യൂമൻ റൈറ്റ്സിന്റെയും ലോഗോകളുടെ പ്രകാശനം നിർവ്വഹിച്ചു. മുൻസിപ്പൽ കൗൺസിലർ മിനി ബൈജു പഠനോപകരണങ്ങൾ വിതരണം ചെയ്തു. ട്രസ്റ്റ് ട്രഷറർ നിസാർ ഇടപ്പള്ളി സാമൂഹ്യ പ്രവർത്തക ഗ്രേസി വർഗ്ഗീസ് ട്രസ്റ്റ് ജനറൽ സെക്രട്ടറി ഹസീബ് , സെക്രട്ടറി ഷിജി ജോസ് തുടങ്ങിയവർ സംസാരിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

# ഗാലക്സി എഫ് 55 5ജി ഇന്ത്യയിൽ അവതരിപ്പിച്ച് സാംസങ്ങ്

**കൊച്ചി:** സാംസംങ് ഏറ്റവും പ്രീമിയം ഗാലക്സി എഫ് സീരീസ് സ്മാർട്ട് ഫോൺ ഗാലക്സി എഫ് 55 5ജി അവതരിപ്പിച്ചു. സാംസങ്ങ് എഫ് സീരീസിൽ ആദ്യമായി ഒരു ക്ലാസിവീഗൻ ലെതർ ഡിസൈൻ അവതരിപ്പിക്കുകയാണ് ഗാലക്സി എഫ്55 5ജിയിലൂടെ സാംസങ്ങ്. സൂപ്പർ അമോൽഡ് പ്ലസ് ഡിസ്പ്ലേ, ശക്തമായ സ്നാപ് ഡ്രാഗൺ 7 ജെൻ1 പ്രോസസർ, 45 വാട്ട് സൂപ്പർ ഫാസ്റ്റ് ചാർജിങ്ങ്, നാല് ജനറേഷൻ ആൻഡ്രോയ്ഡ് അപ്ഗ്രേഡുകൾ, അഞ്ചു വർഷത്തെ സുരക്ഷാ അപ്ഡേറ്റുകൾ എന്നിങ്ങനെ സെഗ്മെന്റിലെ ഏറ്റവും മികച്ച ഫീച്ചറുകളുമായി എഫ്55 5ജി വേറിട്ടു നിൽക്കുന്നു. വരും വർഷങ്ങളിൽ ഇത് ഉപഭോക്താക്കൾക്ക് ഏറ്റവും പുതിയ സവിശേഷതകളും മെച്ചപ്പെടുത്തിയ സുരക്ഷയും ആസ്വദിക്കാൻ കഴിയുമെന്ന് സാംസങ്ങ് ഇന്ത്യ എം.എക്സ് ഡിവിഷൻ സീനിയർ വൈസ് പ്രസിഡന്റ് രാജു പുള്ളൻ പറഞ്ഞു.ആദ്യമായി സാഡിൽ സ്റ്റിച്ച് പാറ്റേണുള്ള ഒരു ക്ലാസിക് വീഗൻ ലെതർ ഡിസൈൻ ഗാലക്സി എഫ്55 5ജിയിലൂടെ അവതരിപ്പിക്കുകയാണെന്നും രാജു പുള്ളൻ പറഞ്ഞു.മൂന്ന് സ്റ്റോറേജ് വേരിയന്റുകളിൽ ഫ്ളിപ്കാർട്ട്, സാംസങ്ങ്.കോം എന്നിവയിലും തെരഞ്ഞെടുത്ത റീട്ടയിൽ സ്റ്റോറുകളിലും ഗാലക്സി എഫ്55 5ജി ലഭ്യമാകും. കൂടാതെ ഒരു പരിമിതകാല ഓഫർ എന്ന നിലയിൽ ഉപഭോക്താക്കൾക്ക് 499 രൂപയ്ക്ക് 45ണ സാംസങ്ങ് ട്രാവൽ അഡാപ്റ്റർ അല്ലെങ്കിൽ 1999 രൂപയ്ക്ക് ഗാലക്സി ഫിറ്റ് 3 എന്നിവ ലഭിക്കും. മെയ് 27ന് വൈകിട്ട് 7 മണി മുതൽ ഗാലക്സി എഫ്55 5ജിയുടെ വിൽപ്പന ആരംഭിച്ചു.





# മേഘവിസ്ഫോടനം; കനത്ത മഴയിൽ കൊച്ചി മുങ്ങി

**കൊച്ചി:** മേഘവിസ്ഫോടനത്തിന് സമാനമായ രീതിയിൽ പെയ്ത കനത്ത മഴയിൽ കൊച്ചിയുടെ വിവിധ പ്രദേശങ്ങൾ മുങ്ങി.കൊച്ചി ഇതിനു മുമ്പ് കണ്ടിട്ടില്ലാത്ത വിധത്തിലായിരുന്നു ഇന്നലെ രാവിലെ ഏഴു മുതൽ ഉച്ചവരെ മഴ പെയ്തിറങ്ങിയത്. ഒന്നര മണിക്കൂറിൽ ഏകദേശം നൂറു മില്ലീ മീറ്ററിനടുത്തായിരുന്നു മഴ പെയ്തത്. കളമശേരി, ഇടപ്പള്ളി മേഖലകൾ വെള്ളത്തിൽ മുങ്ങി. കളമശേരിയിൽ ഏകദേശം നാനൂറോളം വീടുകൾ വെള്ളത്തിലായി. തൃക്കാക്കരയിൽ പ്രമുഖ സാഹിത്യകാരി ഡോ.എം.ലീലാവതി ടീച്ചറുടെ വീട്ടിൽ വെള്ളം കയറി പുസ്തകങ്ങളും വീട്ടുപകരണങ്ങളും നശിച്ചു. വീടിനുള്ളിൽ വാക്കറിൽ നടക്കുന്ന ലീലാവതി ടീച്ചറെ സഹായിയായ ബിന്ദു വളരെ ബുദ്ധിമുട്ടി മുകൾ നിലയിലെത്തിച്ചു. ഇതിനകം പുരസ്കാരങ്ങളും ഡയറിയും ദിനക്കുറിപ്പുകൾ എഴുതുന്ന പുസ്തകവും വെള്ളം കയറി നശിച്ചു. തുടർന്ന് സമീപത്തു താമസിച്ചിരുന്ന മകൻ വിനയനെത്തി ലീലാവതി ടീച്ചറെ വീട്ടിലേക്കുകൊണ്ടുപോയി.

ആലുവ ഇടപ്പള്ളി റോഡിൽ വൻ വെള്ളക്കെട്ടാണ് മഴയിൽ ഉണ്ടായത്. ഇടറോഡുകൾ തോടുകൾക്ക് സമാനമായി മാറി. കനത്ത മഴയും വെള്ളക്കെട്ടും ഉണ്ടായതോടെ നഗരം ഇന്നലെ ഉച്ചവരെ ഗതാഗതക്കുരുക്കിൽ അമർന്നു. ഉച്ചയോടെ മഴ ശമിച്ചു. നഗരത്തിൽ സഹോദരൻ അയ്യപ്പൻ റോഡ്, മസ്ജിദ് റോഡ്, എം.ജി. റോഡ്, നോർത്ത് എന്നിവിടങ്ങളിൽ കനത്തവെള്ളക്കെട്ടായിരുന്നു. ഫോർട്ട് കൊച്ചിയിൽ മത്സ്യബന്ധനത്തിനുപോയ വള്ളം തകർന്നു. ലൈഫ് ജാക്കറ്റ് ധരിച്ച് കരയിലേക്ക് നീന്തി ബോട്ടിലുണ്ടായിരുന്ന അഞ്ചുപേരും രക്ഷപ്പെട്ടു.കാക്കനാട് ഇൻഫോ പാർക്കിൽ മഴ വീണ്ടും നാശനഷ്ടങ്ങൾക്കു കാരണമായി. റോഡുകളിൽ വെള്ളം നിറഞ്ഞു. ഗതാഗതം സ്തംഭിച്ചു.തോപ്പുംപടി പി ആൻഡ് ടി കോളനി, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ വെള്ളം നിറഞ്ഞു. ബസ് സ്റ്റാൻഡിൽ ബസുകൾക്ക് കയറാൻ പോലും കഴിയുന്ന സ്ഥിതിയായിരുന്നില്ല.

# ഷുവർറ്റി ഇൻഷൂറൻസ് ബോണ്ടുകൾ അവതരിപ്പിച്ച് ടാറ്റാ എഐജി

**കൊച്ചി:** ടാറ്റാ എഐജി ജനറൽ ഇൻഷൂറൻസ് ഷുവർറ്റി ഇൻഷൂറൻസ് ബോണ്ടുകൾ അവതരിപ്പിച്ചു.കരാറുകാർക്കുള്ള പരമ്പരാഗത ബാങ്ക് ഗാരണ്ടികളുടെ പകരമായാണ് പുതിയ ഷുവർറ്റി ഇൻഷൂറൻസ് ബോണ്ടുകൾ വരുന്നതെന്ന് ടാറ്റാ എഐജി ജനറൽ ഇൻഷൂറൻസ് സീനിയർ എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറും റീ ഇൻഷൂറൻസ്, ക്രെഡിറ്റ്, ഏവിയേഷൻ ഇൻഷൂറൻസ് വിഭാഗം മേധാവിയുമായ ദീപക് കുമാർ പറഞ്ഞു. ഷുവർറ്റി ഇൻഷൂറൻസ് ബോണ്ടുകൾ തെരഞ്ഞെടുക്കുക വഴി കരാറുകാർക്ക് മൂലധന സാധ്യതകൾ തുറന്നു കിട്ടുകയും അതിലൂടെ തങ്ങളുടെ ബിഡിങ് ശേഷി വർധിപ്പിക്കാനും കഴിയും. അതുവഴി ലിക്വിഡിറ്റി, മൂലധന പരിമിതികൾ മറികടക്കാനുമാവും. വ്യവസ്ഥകളോടു കൂടിയതും അല്ലാത്തതുമായ രീതികളിലുള്ള ടാറ്റാ എഐജിയുടെ ഷുവർറ്റി ഇൻഷൂറൻസ് ബോണ്ടുകൾ സർക്കാർസ്വകാര്യ മേഖലകളിലുള്ള അടിസ്ഥാന സൗകര്യ പദ്ധതികളും വാണിജ്യ കരാറുകളും സുഗമമായി നടപ്പാക്കാൻ സഹായിക്കുന്ന രീതിയിലാണു രൂപകൽപന ചെയ്തിട്ടുള്ളത്.കരാറുകാരൻറെ പ്രകടനത്തിലെ വീഴ്ച, പൂർത്തിയാക്കാതിരിക്കൽ, ധാരണയിലോ ബിഡിങ് രേഖകളിലോ നിഷ്കർഷിച്ച പ്രകാരം ചുമതലകൾ നിറവേറ്റുന്നതിൽ വീഴ്ച വരുത്തൽ തുടങ്ങിയവയ്ക്ക് എതിരെ പദ്ധതി ഉടമയ്ക്കോ ഗുണഭോക്താവിനോ പരിരക്ഷ നൽകുന്നതാണ് ഷുവർറ്റി ഇൻഷൂറൻസ് ബോണ്ട്. ബിഡ് ബോണ്ട്, പെർഫോർമൻസ് ബോണ്ട്, അഡ്വാൻസ് പെയ്മെൻറ് ബോണ്ട്, റെൻറൻഷൻ മണി ബോണ്ട് തുടങ്ങി ഐആർഡിഎ മാർഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചുള്ള കോൺട്രാക്ട് ബോണ്ടുകളാണ് ടാറ്റ എഐജി നിലവിൽ ലഭ്യമാക്കുന്നതെന്നും ദീപക് കുമാർ പറഞ്ഞു.

# ഒബെൻ ഇലക്ട്രിക് ബൈക്കുകൾ കേരളത്തിൽ; പുതിയ ഷോറൂമുകൾ തുറന്നു



**കൊച്ചി:** ഹോംഗ്രൗൺ പെർഫോമൻസ് ഇലക്ട്രിക് മോട്ടോർസൈക്കിൾ ബ്രാൻഡായ ഒബെൻ ഇലക്ട്രിക് ബൈക്കുകളുടെ വിൽപന കേരള വിപണിയിലേക്കും വ്യാപിപ്പിച്ചു. ഇതിൻറെ ഭാഗമായി കൊച്ചിയിലും തിരുവനന്തപുരത്തും പുതിയ ഡീലർഷിപ്പ് ഷോറൂമുകൾ തുറന്നു.'ഒബെൻ റോർ" കമ്പനിയുടെ മുൻനിര ഇലക്ട്രിക് മോട്ടോർസൈക്കിളാണ്. എട്ട് കിലോവാട്ട് മോട്ടോർ ഉപയോഗിച്ച് ഒബെൻ റോർ മൂന്ന് സെക്കൻഡിനുള്ളിൽ 040 സാുവ വേഗത കൈവരിക്കാനും, ടോപ്സ്പീഡ് 100 സാുവ ക്കും എത്തുന്നു, എൽഎഫ്പി സെൽ സാങ്കേതികവിദ്യ ഉപയോഗിച്ചിരിക്കുന്നതിനാൽ ഇരട്ട ബാറ്ററി ലൈഫും ഉയർന്ന താപ പ്രതിരോധവും മികച്ച സുരക്ഷയും ഉറപ്പാക്കുന്നു. ഇന്ത്യയിലെ ഇലക്ട്രിക് ഇരുചക്രവാഹനങ്ങളിൽ ഏറ്റവും ദൈർഘ്യമേറിയ 187 കിലോമീറ്റർ (കളഇ) വേഗതയുടെ റേഞ്ചും ഈ ബൈക്കിനുണ്ട്. മൂന്ന് വർഷം അല്ലെങ്കിൽ 50,000 കിമി വരെ ബാറ്ററിക്കും മൂന്ന് വർഷം മോട്ടോറിനും വാറണ്ടിയും മൂന്ന് സൗജന്യ സർവ്വീസുകളും കമ്പനി വാഗ്ദാനം ചെയ്യുന്നുണ്ട്. എക്സ് ഷോറൂം പ്രാരംഭ വില 1,49,999 രൂപ. കൊച്ചിയിൽ കോസ്മോ ഡ്രൈവ്സും, തിരുവനന്തപുരത്ത് എമിഷൻഫ്രീ വെഹിക്കിൾസുമായി സഹകരിച്ചാണ് ഒബെൻ ഇലക്ട്രിക് ഡീലർഷിപ്പ് ഷോറൂമുകൾ ആരംഭിച്ചിരിക്കുന്നത്. ഓരോ ഷോറൂമുകളും ഒബെൻ കെയർ സേവന കേന്ദ്രങ്ങളായിട്ടുകൂടിയാകും പ്രവർത്തിക്കുക. കൂടാതെ എൻഡ്ടുഎൻഡ് സർവീസിംഗ്, സ്പെയർ പാർട്സ് സഹായം, അന്താരാഷ്ട്ര നിലവാരത്തിലുള്ള ഉപഭോക്തൃ അനുഭവം എന്നിവയും കമ്പനി വാഗ്ദാനം ചെയ്യുന്നു. ഫ്യൂച്ചറിസ്റ്റിക് ഡിസൈനും അഡ്വാൻസ്ഡ് കസ്റ്റമർ ഇന്ററാക്ഷൻ ടെക്നോളജിയും ഉപയോഗിച്ച് സമഗ്രമായ ഉൽപ്പന്ന വിവരങ്ങൾക്കും സംവേദനാത്മക അനുഭവങ്ങൾക്കും പ്രത്യേക സോണുകൾ ഷോറൂമുകളിലുണ്ടാകും. പ്രതിവർഷം ഒരു ലക്ഷത്തോളം ഇവി ഇരുചക്രവാഹനങ്ങൾ വിറ്റഴിക്കപ്പെടുന്നതിനാൽ കേരളത്തിലെ തഴച്ചുവളരുന്ന ഈ മേഖല ഒബെൻ ഇലക്ട്രിക്കിന് ഗണ്യമായ ബിസിനസ്സ് അവസരങ്ങൾ നൽകുമെന്ന് പ്രതീക്ഷിക്കുന്നതായി ഒബെൻ ഇലക്ട്രിക് സ്ഥാപകയും സിഇഒയുമായ മധുമിത അഗർവാൾ പറഞ്ഞു.



# ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല നാല് വർഷ ബിരുദം, ബി. എഫ്. എ. പ്രവേശനം; അവസാന തീയതി ജൂൺ ഏഴ്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിൽ 202425 അധ്യയന വർഷത്തെ വിവിധ നാല് വർഷ ബിരുദ, ബി. എഫ്. എ കോഴ്സുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. സംസ്കൃതം സാഹിത്യം, സംസ്കൃതം വേദാന്തം, സംസ്കൃതം വ്യാകരണം, സംസ്കൃതം ന്യായം, സംസ്കൃതം ജനറൽ, ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഹിസ്റ്ററി, ഫിലോസഫി, സോഷ്യൽ വർക്ക് (ബി. എസ്. ഡബ്ല്യു.), സംഗീതം, ഡാൻസ് ഭരതനാട്യം, ഡാൻസ് മോഹിനിയാട്ടം എന്നിവയാണ് നാല് വർഷ ബിരുദ സമ്പ്രദായത്തിൽ സർവ്വകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിൽ നടത്തപ്പെടുന്ന ബിരുദ പ്രോഗ്രാമുകൾ.

നാല് വർഷ ബിരുദ സമ്പ്രദായത്തിൽ മൂന്ന് വിധത്തിൽ ബിരുദ പ്രോഗ്രാം പൂർത്തിയാക്കുവാൻ കഴിയും. മൂന്ന് വർഷ ബിരുദം, നാല് വർഷ ഓണേഴ്സ് ബിരുദം, നാല് വർഷ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം എന്നിവയാണവ. പ്രവേശനം ലഭിച്ച് മൂന്നാം വർഷം പ്രോഗ്രാം പൂർത്തിയാക്കുവാൻ ആഗ്രഹിക്കുന്നവർക്ക് എക്സിറ്റ് ഓപ്ഷൻ ഉപയോഗപ്പെടുത്തി പഠനം പൂർത്തിയാക്കി മേജർ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ മൂന്ന് വർഷ ബിരുദം നേടാവുന്നതാണ്. നാല് വർഷം പഠനം പൂർത്തിയാക്കുന്നവർക്ക് നാല് വർഷ ഓണേഴ്സ് ബിരുദം ലഭിക്കും. നാലാം വർഷം നിശ്ചിത ക്രെഡിറ്റോടെ ഗവേഷണ പ്രോജക്ട് വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം ലഭിക്കുന്നതാണ്.

ഡാൻസ് ഭരതനാട്യം, ഡാൻസ് മോഹിനിയാട്ടം, സംഗീതം എന്നിവ മുഖ്യവിഷയമായ ബിരുദ പ്രോഗ്രാമുകൾക്ക് അഭിരുചി നിർണ്ണയ പരീക്ഷയുടെ കൂടി അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ പ്രവേശനത്തിനുള്ള ഉയർന്ന പ്രായപരിധി ജനറൽ / എസ് ഇ ബി സി വിദ്യാർത്ഥികൾക്ക് 2024 ജനുവരി ഒന്നിന് 23 വയസും എസ് സി / എസ് ടി വിദ്യാർത്ഥികൾക്ക് 25 വയസുമാണ്.

പ്ലസ് ടു/വൊക്കേഷണൽ ഹയർ സെക്കന്ററി അഥവ തത്തുല്യ അംഗീകൃത യോഗ്യതയുള്ളവർക്ക് ഈ പ്രോഗ്രാമുകളിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്. നാല് വർഷ ബിരുദ പ്രോഗ്രാമുകൾക്ക് ലാറ്ററൽ എൻട്രി അനുവദനീയമാണ്. ഒരു വിദ്യാർത്ഥിക്ക് ഒന്നിലധികം ബിരുദ പ്രോഗ്രാമുകളിലേയ്ക്ക് അപേക്ഷിക്കുവാൻ കഴിയും. മറ്റൊരു യു ജി പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളവർക്കും സർവകലാശാല നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് സർവകലാശാലയുടെ അംഗീകാരത്തോടെ അപേക്ഷിക്കാവുന്നതാണ്. അപേക്ഷ ഫീസ് ജനറൽ / എസ് ഇ ബി സി വിദ്യാർത്ഥികൾക്ക് ഓരോ പ്രോഗ്രാമിനും 50 രൂപയും എസ് സി / എസ് ടി വിദ്യാർത്ഥികൾക്ക് ഓരോ പ്രോഗ്രാമിനും 25 രൂപയുമാണ്.

**ഫൈൻ ആർട്സിൽ ബിരുദപഠനം**

ബാച്ചിലർ ഓഫ് ഫൈൻ ആർട്സ് (ബി. എഫ്. എ.) പ്രോഗ്രാമിന്റെ കാലാവധി നാല് വർഷമാണ്. പെയിന്റിംഗ്, മ്യൂറൽ പെയിന്റിംഗ്, സ്കൾപ്ചർ എന്നിവയാണ് സ്പെഷ്യലൈസേഷനുകൾ. പ്ലസ് ടു / വൊക്കേഷണൽ ഹയർ സെക്കന്ററി അഥവ തത്തുല്യ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സമ്പ്രദായത്തിൽ നടത്തുന്ന ബി. എഫ്. എ. പ്രോഗ്രാമുകൾക്ക് അപേക്ഷിക്കാനുള്ള പരമാവധി പ്രായം 2024 ജൂൺ ഒന്നിന് 22 വയസ്സാണ്. അഭിരുചി നിർണ്ണയ പരീക്ഷയുടെ കൂടി അടിസ്ഥാനത്തിലായിരിക്കും പ്രവേശനം.

**സംസ്കൃത പഠനത്തിന് പ്രതിമാസം 1000/ രൂപ സ്കോളർഷിപ്പ്**

സംസ്കൃത വിഷയങ്ങളിൽ ബിരുദ പഠനത്തിന് (മേജർ) പ്രവേശനം നേടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ആദ്യ രണ്ട് വർഷങ്ങളിൽ പ്രതിമാസം 500/ രൂപ വീതവും മൂന്നും നാലും വർഷങ്ങളിൽ പ്രതിമാസം 1000/ രൂപ വീതവും സർവ്വകലാശാല സ്കോളർഷിപ്പ് നൽകുന്നതാണ്.

അപേക്ഷകൾ https://ugadmission.ssus.ac.in വഴി ഓൺലൈനായി സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ ഏഴ്. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക

# പ്രോട്ടീൻ പ്രദാനം ചെയ്യുന്ന പ്രകൃതിദത്ത ഭക്ഷണങ്ങൾ തിരഞ്ഞെടുക്കണം

**കൊച്ചി:** മികച്ച പ്രോട്ടീൻ പ്രദാനം ചെയ്യുന്ന പ്രകൃതിദത്ത ഭക്ഷണങ്ങൾ തിരഞ്ഞെടുക്കണമെന്ന് പ്രമുഖ ന്യൂട്രീഷ്യനും മാക്സ് ഹെൽത്ത്കെയർ ഹെഡുമായ റിതിക സമദ്ദർ പറഞ്ഞു. രോഗ പ്രതിരോധ പ്രവർത്തനത്തെ പിന്തുണയ്ക്കുന്നതും, ശരീരത്തിന് സുസ്ഥിരമായ ഊർജം നൽകുന്നതും പ്രോട്ടീനുകളാണ്. ബദാം പോലുള്ള പ്രകൃതിദത്ത പ്രോട്ടീൻ സ്രോതസുകൾക്ക് മുൻഗണന നൽകണം. പ്രോട്ടീൻ പവർഹൗസും ഈ അവശ്യ പോഷകത്തിന്റെ മികച്ച പ്രകൃതിദത്ത ഉറവിടവുമാണ് ബദാം. പ്രോട്ടീൻ, ആരോഗ്യകരമായ കൊഴുപ്പുകൾ, നാരുകൾ, വിറ്റാമിൻ ഇ, മഗ്നീഷ്യം എന്നിവയുൾപ്പെടെ 15 അവശ്യ പോഷകങ്ങളാണ് ബദാമിലുള്ളത്. പയർവർഗങ്ങളിലും ഉയർന്ന പ്രോട്ടീൻ ഉണ്ട്. മറ്റൊരു പ്രോട്ടീൻ സമ്പുഷ്ടമായ ഭക്ഷണം ഗ്രീക്ക് തൈര് അഥവാ ഗ്രീക്ക് യോഗേർട്ട് ആണ്. മുട്ടകളും വൈവിധ്യമാർന്ന പ്രോട്ടീൻ സ്രോതസാണ്. ഒരു വലിയ മുട്ടയിൽ നിന്ന് ഏകദേശം 6 ഗ്രാം പ്രോട്ടീൻ ലഭിക്കും. പ്രോട്ടീന്റെ മികച്ച ഉറവിടങ്ങളാണ് കോഴിയിറച്ചിയും മത്സ്യവും. ഒമ്പത് അവശ്യ അമിനോ ആസിഡുകൾ അടങ്ങിയ ഗ്ലൂറ്റൻ രഹിത ധാന്യമായ ക്വിനോവയും ഇത്തരത്തിൽ പ്രോട്ടീൻ ലഭിക്കാൻ സഹായിക്കുമെന്നും അവർ കൂട്ടിച്ചേർത്തു.

# പുതിയ സ്കിൻ കെയർ ശ്രേണിയുമായി വിഎൽസിസി ഗ്രൂപ്പ്




**കൊച്ചി:** ചർമ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന വർക്കുവേണ്ടി പുത്തൻ ഉൽപ്പന്നങ്ങളുമായി മുൻനിര ബ്യൂട്ടി ആൻ വെൽനസ് ബ്രാന്റായ വി.എൽ.സി.സി. 35 വർഷത്തെ പ്രവർത്തന പാരമ്പര്യവും വൈദഗ്ധ്യവും ഉൾക്കൊള്ളിച്ച് കൊണ്ടാണ് വി.എൽ.സി.സി ക്ലിനിക് റേഞ്ച് എന്ന പുതിയ ശ്രേണിയിലെ ഉൽപ്പന്നങ്ങൾ പുറത്തിറക്കിയിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.അകാല വാർധക്യം, പിഗ്മെന്റേഷൻ, മുഖക്കുരു തുടങ്ങി എല്ലാവിധ ചർമ്മ പ്രശ്നങ്ങൾക്കും പരിഹാരമാകുന്ന വി.എൽ.സി.സി ക്ലിനിക്ക് ശ്രേണിയിൽ ക്ലെൻസർ, മോയ്സ്ചറൈസറുകൾ, സെറം മുതൽ സൺസ്ക്രീൻ വരെയുള്ള മിക്ക ഉൽപ്പന്നങ്ങളും ലഭ്യമാണ്.ഇന്ത്യയിലുടനീളമുള്ള എല്ലാ വി.എൽ.സി.സി ഔട്ട്ലെറ്റുകളിൽ നിന്നും വി.എൽ.സി.സി ക്ലിനിക് ഉൽപ്പന്നങ്ങൾ വാങ്ങാനാകും. ഇതിനു പുറമെ വി.എൽ.സി.സിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും വിവിധ ഓൺലൈൻ സ്റ്റോറുകളിൽ നിന്നും വാങ്ങാവുന്നതാണ്.

# റോബോട്ടിക് ഗൈനക്കോളജി കോൺക്ലേവ്

**കൊച്ചി:** അങ്കമാലി അപ്പോളോ അഡ്ലക്സ് ഹോസ്പിറ്റൽ സംഘടിപ്പിച്ച റോബോട്ടിക് ഗൈനക്കോളജി കോൺക്ലേവ് 2024 സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് ഉദ്ഘാടനം ചെയ്തു.

മിനിമലി ഇൻവേസീവ് ഗൈനക്കോളജി റോബോട്ടിക് ആൻഡ് ലാപ്രോസ്കോപ്പിക് സർജൻ ലീഡ് കൺസൾട്ടന്റായ ഡോ. ഊർമിള സോമൻ അധ്യക്ഷത വഹിച്ചു. റോബോട്ടിക് ഗൈനക്കോളജി മേഖലയിൽ പ്രെസിഷൻ, കെയർ, ഇന്നൊവേഷൻ എന്നിവയ്ക്കുള്ള പ്രാധാന്യം എന്നതായിരുന്നു വിഷയം.

വിദഗ്ധരുടെ നേതൃത്വത്തിൽ നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള ഇമ്മേഴ്സീവ് ശില്പശാലകൾ, അവതരണങ്ങൾ, സംവേദനാത്മക പാനൽ ചർച്ചകൾ എന്നിവ നടന്നു. മിനിമലി ഇൻവേസിവ് സർജിക്കൽ റോബോട്ടുകളുടെ നിർമാതാക്കളായ ഇൻട്യൂട്ടീവ് സർജിക്കൽ ടീം രജിസ്റ്റർ ചെയ്ത ആദ്യത്തെ 10 പേർക്ക് രണ്ട് ബാച്ച് ലൈവ് സിമുലേഷൻ സെഷനുകൾ സംഘടിപ്പിച്ചു.

# ഇ.എസ്.ഐ.സി, ഇ.പി.എഫ്.ഒ നടപടിക്രമങ്ങൾ കാലോചിതമായി പരിഷ്കരിക്കണം

**കൊല്ലം:** ഇ.എസ്.ഐ.സി, ഇ.പി.എഫ്.ഒ നിയമങ്ങൾ തൊഴിലാളിക്ക് കൂടുതൽ പ്രയോജനകരമാകത്തക്ക വിധത്തിൽ കാലോചിതമായി പരിഷ്കരിക്കണമെന്ന് കാഷ്യൂ കോർപ്പറേഷൻ ചെയർമാൻ എസ്. ജയമോഹൻ പറഞ്ഞു. തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കുറിച്ചിരിക്കുന്ന കാഷ്യൂ കോർപ്പറേഷൻ, ഇ.എസ്.ഐ.സി, ഇ.പി.എഫ്.ഒ സംയുക്ത അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു.

ഇ.എസ്.ഐ.സി യിൽ ഇൻഷ്വർ ചെയ്ത തൊഴിലാളികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റ് ലഭിക്കണമെങ്കിൽ ഒരു കോൺട്രിബ്യൂഷൻ കാലയളവിൽ 78 ഹാജരും, കുടുംബത്തിന് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുന്നതിന് രണ്ട് കോൺട്രിബ്യൂഷൻ കാലയളവിൽ 156 ദിവസവും ജോലിക്ക് ഹാജരാകണമെന്ന നിയമത്തിലെ വ്യവസ്ഥയിൽ മാറ്റംവരുത്തണം. പകർച്ചവ്യാധി, പ്രകൃതിക്ഷോഭം, കശുവണ്ടി ലഭ്യമാകാതെ കശുവണ്ടി ഉത്പാദക രാജ്യങ്ങളിൽ ഉണ്ടാകുന്ന പ്രതിസന്ധി സന്ദർഭങ്ങളിലും ഫാക്ടറികൾ അടഞ്ഞുകിടക്കും. ഇതുപോലെ തൊഴിലാളികളുടെതല്ലാത്ത കാരണം കൊണ്ടുള്ള സന്ദർഭങ്ങളിൽ ചികിത്സ നിഷേധിക്കുന്നത് ഒഴിവാക്കണം. തൊഴിലാളികളുടെ മക്കൾക്ക് എം.ബി.ബി.എസ് ന് അഡ്മിഷൻ ലഭിക്കുന്നത് പോലെ നേഴ്സിങ് പഠനത്തിന് സൗകര്യം ഉണ്ടാകാൻ നേഴ്സിങ് കോഴ്സുകൾ കൂടി ഇ.എസ്.ഐ.സി മെഡിക്കൽ കോളജുകളിൽ ആരംഭിക്കണം. ആശ്രാമം സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ 300 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തണം.ഇ.പി.എഫ്.ഒ വിഹിതം അടച്ച തൊഴിലാളികൾക്ക് തൊഴിൽ ഉടമ സ്ഥാപനം ഉപേക്ഷിച്ചു പോയതിന്റെ പേരിൽ അടച്ച തുകയും ആനുകൂല്യവും കിട്ടാതെ വരുന്നത് ഒഴിവാക്കണം. വിഹിതം അടയ്ക്കാതെ തൊഴിലാളികളെ തൊഴിൽചെയ്യിക്കുന്ന തൊഴിൽഉടമകളുടെ പേരിൽ നടപടികൾ സ്വീകരിക്കണം തുടങ്ങിയ നിർദേശങ്ങളും അഭിപ്രായങ്ങളും അദാലത്തിൽ ഉയർന്നു.

# ആയുർവേദ കോളേജിൽ അസി. പ്രൊഫസർ തസ്തികയിലേക്ക് കരാർ നിയമനം

**കൊച്ചി:** തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജിൽ സിദ്ധാന്ത സംഹിത സംസ്കൃത വകുപ്പിൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക്(രണ്ട് ഒഴിവ്) നിയമനം നടത്തുന്നതിന് വാക്ക്ഇൻഇന്റർവ്യൂ നടത്തുന്നു.

യോഗ്യത ആയുർവേദത്തിലെ സിദ്ധാന്ത സംഹിത സംസ്കൃത വിഷയത്തിൽ ബിരുദാനന്തര ബിരുദം. എ ക്ലാസ് മെഡിക്കൽ ഓഫീസർ കൗൺസിൽ രജിസ്ട്രേഷൻ അധ്യാപന പ്രവർത്തി പരിചയം അഭികാമ്യം.

താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂൺ 10ന് പകൽ 11ന് തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജ് പ്രിൻസിപ്പൽ മുമ്പാകെ ബയോഡാറ്റ, ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, മുൻ പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം. ഫോൺ: 0484 2777374

# ട്രോളിങ് നിരോധനം ജൂൺ ഒമ്പത് അർധരാത്രി മുതൽ



**തൃശൂർ:** ഈ വർഷത്തെ ട്രോളിങ് നിരോധനം ജൂൺ ഒമ്പത് അർധരാത്രി മുതൽ നിലവിൽ വരും. ജൂലൈ 31 അർധരാത്രി വരെ 52 ദിവസത്തേക്കാണ് മൺസൂൺക്കാല ട്രോളിങ് നിരോധനം നടപ്പാക്കുക. ജൂൺ ഒമ്പതിന് അർധരാത്രിക്ക് മുമ്പായി തൃശൂർ ജില്ലയുടെ തീരപ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ ഇതരസംസ്ഥാന യന്ത്രവത്കൃത ബോട്ടുകളും കേരളാത്തീരം വിട്ടുപോകണമെന്ന് ജില്ലാതല യോഗത്തിൽ നിർദേശം നൽകി. മറ്റ് ബോട്ടുകൾ അതാത് ബേസ് ഓഫ് ഓപ്പറേഷനിൽ ആങ്കർ ചെയ്യേണ്ടതുമാണ്. പരമ്പരാഗത വള്ളങ്ങൾ ഉപയോഗിച്ചുള്ള ട്രോളിങ്ങും ഈ കാലയളവിൽ അനുവദിക്കില്ല.

ട്രോളിങ് നിരോധന സമയത്ത് കടലിൽ പോകുന്ന ഒരു വലിയ വള്ളത്തോടൊപ്പം (ഇൻബോർഡ് വള്ളം) ഒരു കാരിയർ വള്ളം മാത്രമേ അനുവദിക്കൂ. ഇവയുടെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള വിവരങ്ങൾ അതാത് മത്സ്യഭവൻ ഓഫീസിൽ യാനം ഉടമകൾ റിപ്പോർട്ട് ചെയ്യണം.

ടോളിങ് നിരോധന കാലയളവിൽ ജില്ലയുടെ തീരപ്രദേശത്തും ഹാർബറുകളിലും മറ്റും പ്രവർത്തിക്കുന്ന ഡീസൽ ബങ്കുകൾ യന്ത്രവത്കൃത ബോട്ടുകൾക്ക് യാതാരു കാരണവശാലും ഇന്ധനം നൽകരുത്. നിർദേശം ലംഘിക്കുന്നവർക്കെതിരേ കർശന നടപടി സ്വീകരിക്കും. കൂടാതെ കായലിനോടോ, ജെട്ടിയോടോ ചേർന്ന് പ്രവർത്തിക്കുന്ന ഡീസൽ ബങ്കുകൾ ജൂൺ ഒമ്പത് അർധരാത്രി മുതൽ ജൂലൈ 31 അർധരാത്രി വരെ തുറന്ന് പ്രവർത്തിക്കരുത്. ഇൻബോർഡ് വള്ളങ്ങൾക്ക് ഡീസൽ ലഭ്യമാക്കുന്നതിന് തിരഞ്ഞെടുത്ത മത്സ്യഫെഡ് ബങ്കുകൾ അനുവദിക്കാം.

2024 ട്രോളിങ് നിരോധന കാലയളവിൽ കടൽ പട്രോളിങ്ങിനും കടൽ രക്ഷാപ്രവർത്തനങ്ങൾക്കും ജില്ലയിൽ രണ്ടു ബോട്ട് ക്വട്ടേഷൻ പ്രകാരം വാടകയ്ക്ക് എടുത്ത് പ്രവർത്തനങ്ങൾ നടപ്പാക്കും. എട്ട് സീ റസ്ക്യൂ ഗാർഡ്മാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കും. അഴീക്കോട് കേന്ദ്രമായി ആരംഭിച്ച ബേസ് സ്റ്റേഷനിൽ ട്രോൾബാൻ കാലയളവ് അവസാനിക്കുന്നതുവരെ കടൽ പട്രോളിങ് നടത്തേണ്ട സാഹചര്യത്തിൽ ഫിഷറീസ് വകുപ്പിനെ സഹായിക്കാനും ക്രമസമാധാനപാലനം നിർവഹിക്കുന്നതിനും ആവശ്യമായ പോലീസ് സേനാംഗങ്ങളെ വിന്യസിക്കും. ഇവരുടെ സേവനം 24 മണിക്കൂറും ഉറപ്പാക്കുന്നതിന് സിറ്റി പോലീസ് കമ്മിഷണർക്കും തീരദേശ പോലീസിനും നിർദ്ദേശം നൽകി. ജില്ലയിലെ ലാന്റിങ് സെന്ററുകൾ കേന്ദ്രീകരിച്ച പോലീസ് പട്രോളിങ് ശക്തിപ്പെടുത്തും. അഴീക്കോട്, ചേറ്റുവ എന്നിവിടങ്ങളിലും പൊലീസ് സുരക്ഷ ഉറപ്പാക്കും.

ട്രോളിങ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോൾ നിർബന്ധമായും ബയോമെട്രിക് തിരിച്ചറിയൽ കാർഡ് കൈവശം വെയ്ക്കണം. ഇനിയും കളർ കോഡിങ് പൂർത്തിയാക്കാത്ത ബോട്ടുകൾ പൂർണമായും ഇവ പൂർത്തിയാക്കണം.

തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും നൽകി വരുന്ന സൗജന്യ റേഷൻ യഥാസമയം കൃത്യമായി വിതരണം ചെയ്യുന്നതിന് ജില്ലാ സിവിൽ സപ്ലൈ ഓഫീസർക്ക് നിർദ്ദേശം നൽകി.

ജില്ലയുടെ തീരപ്രദേശത്ത് കോസ്റ്റൽ പട്രോളിങ് ശക്തമാക്കുന്നതിന് റൂറൽ ജില്ലാ പോലീസ് ചീഫ്, സിറ്റി പോലീസ് കമ്മിഷണർ, തീരദേശ പോലീസ് എന്നിവരെ നിയോഗിച്ചു.

ജില്ലയിൽ അഴീക്കോട് ഫിഷറീസ് സ്റ്റേഷനിൽ മെയ് 15 മുതൽ 24 മണിക്കൂർ പ്രവർത്തന സജ്ജമായ ഫിഷറിസ് കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്. കൂടാതെ അടിയന്തര സാഹചര്യങ്ങളിൽ കളക്ടറേറ്റ് കൺട്രോൾ റൂമിലും, കോസ്റ്റ് ഗാർഡ് ടോൾ ഫ്രീ നമ്പറിലും ചാവക്കാട്, കൊടുങ്ങല്ലൂർ താലൂക്ക് ഓഫീസുകളിലും ബന്ധപ്പെടാം. ഫിഷറീസ് സ്റ്റേഷൻ, അഴീക്കോട് 0480 2996090.

മഴക്കാലപൂർവ ശുചീകരണം സംബന്ധിച്ച് തീരദേശങ്ങളിൽ ബോധവത്കരണ ക്ലാസുകൾ നൽകിയിട്ടുണ്ട്. ഹാർബർ ശുചീകരണവും നടത്തി. വള്ളങ്ങൾ കെട്ടിയിടുമ്പോൾ അതിലെ ടയറുകളിൽ വെള്ളം കെട്ടിനിന്ന് കൊതുക് വളർന്ന് ഡെങ്കിപനി തുടങ്ങിയ രോഗങ്ങൾ ഉണ്ടാകാൻ സാധ്യത കൂടുതലാണ്. അതിനാൽ ഈ ടയറുകളിൽ ചെറിയ ദ്വാരം ഉണ്ടാക്കി വെള്ളം കെട്ടിനിൽക്കുന്ന സാഹചര്യം ഒഴിവാക്കണമെന്നും നിർദേശം നൽകി.

ജുവനൈൽ ഫിഷിങ്ങിനെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്ന് യോഗത്തിൽ പങ്കെടുത്ത യൂണിയൻ പ്രതിനിധികൾ ആവശ്യപ്പെട്ടു. വളം നിർമിക്കുന്നതിനായി ചെറുമീനുകളെ പിടിക്കുന്നത് ഉദ്യോഗസ്ഥർ കർശനമായി പരിശോധിച്ച് നടപടിയെടുക്കണം. ചേറ്റുവ കേന്ദ്രീകരിച്ച് കോസ്റ്റൽ ഗാർഡ് സംരക്ഷണം ഒരുക്കണമെന്നും ആവശ്യപ്പെട്ടു.

കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ എ.ഡി.എം ടി. മുരളി അധ്യക്ഷനായി. അസിസ്റ്റന്റ് കലക്ടർ (യു.ടി) അതുൽ സാഗർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കെ. വി സുഗന്ധകുമാരി, അഴീക്കോട് ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർ എം.എഫ് പോൾ, ജില്ലാതല ഉദ്യോഗസ്ഥർ, മത്സ്യത്തൊഴിലാളി യൂണിയൻ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കിയ ആദ്യസംസ്ഥാനമാണ് കേരളം: മന്ത്രി കെ രാജൻ



**തിരുവനന്തപുരം:** പൊതു വിദ്യാഭ്യാസ രംഗത്ത് ഭൗതിക സാഹചര്യങ്ങൾക്കൊപ്പം അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കിയ സംസ്ഥാനമാണ് കേരളമെന്ന് റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ പറഞ്ഞു.

തിരുവനന്തപുരം മാസ്കോട്ട് ഹോട്ടലിൽ ഗുണമേന്മാ വിദ്യാഭ്യാസത്തിനായുള്ള മൂല്യനിർണ്ണയ പരിഷ്കരണം എന്ന വിഷയത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ച വിദ്യാഭ്യാസ കോൺക്ലേവിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു മന്ത്രി. അൺ ഇക്കോണമിക്കൽ എന്ന വിഭാഗത്തിൽ അടച്ചു പൂട്ടൽ സാഹചര്യത്തിൽ നിന്നുമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സംസ്ഥാന സർക്കാരും കേരളത്തിന്റെ പൊതുസമൂഹവും വിദ്യാലയങ്ങളെ വീണ്ടെടുത്തത്. പാഠ്യ പദ്ധതി പരിഷ്ക്കരണം സമയബന്ധിത മായി നടപ്പിലാക്കിയും പാഠപുസ്തകങ്ങൾ നേരത്തെ എത്തിച്ചും പൊതുവിദ്യാഭ്യാസ വകുപ്പ് മാതൃക തീർക്കുന്നു. കേരള മോഡൽ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിന് നമ്മുടെ വിദ്യാഭ്യാസ മേഖലയിലെ മുന്നേറ്റം വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

അതുകൊണ്ട് തന്നെ നവീന മൂല്യനിർണയ രീതി നടപ്പിലാക്കുന്നതിന് മുൻപ് പൊതു സമൂഹത്തിന്റെ മുന്നിൽ ചർച്ച ചെയ്യാൻ സംസ്ഥാന സർക്കാർ തയാറായി. ജനാധിപത്യ മൂല്യങ്ങളിൽ പൊതു സമൂഹത്തിന്റെ വിശ്വാസ്യത നേടി അക്കാദമിക പരിഷ്ക്കരണം നടപ്പിലാക്കുന്നു എന്നത് ശ്രദ്ധേയമാണ്. പരീക്ഷകൾ എന്നത് ലോക വിജ്ഞാന വ്യവസ്ഥക്കനുസൃതമായി മാറ്റേണ്ടതുണ്ട്. വിദ്യാർത്ഥികളുടെ വിവിധ ശേഷികളെ മൂല്യനിർണയം നടത്താൻ കഴിയുന്ന ശാസ്ത്രീയ സംവിധാനത്തിനും ചട്ടക്കൂടിനും രൂപം നൽകാൻ വിദ്യാഭ്യാസ കോൺക്ലേവിന് കഴിയട്ടെയെന്നും മന്ത്രി ആശംസിച്ചു പൊതു വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിച്ച ചടങ്ങിൽ പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ് സ്വാഗതമാശംസിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ് ഷാനവാസ് നന്ദി അറിയിച്ചു. എം എൽ എ മാരായ മുഹമ്മദ് മുഹ്സീൻ, എം വിജിൻ, മുൻ എം.എൽ.എ എ.പ്രദീപ് കുമാർ എന്നിവർ സംബന്ധിച്ചു.

# ന്യൂമീഡിയ ആൻഡ് ഡിജിറ്റൽ ജേണലിസം ഡിപ്ലോമ ജൂൺ 10 വരെ അപേക്ഷിക്കാം

**കൊച്ചി:** കേരള മീഡിയ അക്കാദമിയുടെ ന്യൂമീഡിയ ആൻഡ് ഡിജിറ്റൽ ജേണലിസം ഡിപ്ലോമ കോഴ്സിലേക്ക് (കൊച്ചി സെന്റർ) അപേക്ഷ ക്ഷണിച്ചു. 6 മാസമാണ് കോഴ്സിന്റെ കാലാവധി. വൈകീട്ട് 6 മണി മുതൽ 8 വരെയാണ് ക്ലാസ്സ് സമയം ഒരേ സമയം ഓൺലൈനിലും ഓഫ്ലൈനിലും ക്ലാസ്സ് ലഭ്യമാണ്. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 35,000 രൂപയാണ് ഫീസ്. ഡിഗ്രിയാണ് വിദ്യാഭ്യാസയോഗ്യത. പ്രായപരിധി ഇല്ല.

മൊബൈൽ ജേണലിസം, എ ഐ, വെബ് ജേണലിസം, റൈറ്റിംഗ് ടെക്നിക്സ്, ഫോട്ടോഗ്രഫി, വീഡിയോഗ്രഫി, വീഡിയോ എഡിറ്റിംഗ്, സോഷ്യൽ മീഡിയ, പോഡ്കാസ്റ്റിംഗ് തുടങ്ങിയവയിൽ പ്രായോഗിക പരിശീലനം നൽകും.

അനുദിനം മാറുന്ന നവീന സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുന്നതിലൂടെ ഓൺലൈൻ മാധ്യമ മേഖലയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്താൻ കോഴ്സ് ഉപകരിക്കും.

ജോലി ചെയ്യുന്നവർക്ക് ഡിജിറ്റൽ മാർക്കറ്റിംഗ് പബ്ലിക് റിലേഷൻസ് ചുമതലകൾ ഏറ്റെടുക്കാൻ സഹായിക്കുന്നതാണു കോഴ്സ്.

സർവീസിൽ നിന്നു വിരമിച്ചവർക്കും മറ്റു ജോലികളിലുള്ളവർക്കും അപേക്ഷിക്കാം. അപേക്ഷ ഫോറം ഡൗൺലോഡ് ചെയ്ത് സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി 30 / കേരള മീഡിയ അക്കാദമി സബ്സെന്റർ, opposite ICICI BANK ശാസ്തമംഗലം, തിരുവനന്തപുരം എന്ന വിലാസത്തിലോ kmanewmedia@gmail.com എന്ന ഇമെയിൽ ഐഡിയിലോ അയക്കണം. സർട്ടിഫിക്കറ്റുകളുടെ പകർപ്പും വയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് www.keralamediaacademy.org ഫോൺ: 8848277081, 04842422275, 2422068, 04712726275 അവസാന തിയതി 2024 ജൂൺ 10.




# ആസ്റ്റർ @ഹോം പദ്ധതി ആരംഭിച്ചു

**കൊല്ലം:** ആശുപത്രികളിൽ നേരിട്ടെത്തി ചികിത്സ തേടാൻ കഴിയാത്തവർക്കായി ആസ്റ്റർ പിഎംഎഫ് ഹോസ്പിറ്റലിന്റെ ആസ്റ്റർ @ഹോം പദ്ധതി ആരംഭിച്ച. പദ്ധതിയുടെ ഉദ്ഘാടനം കരുനാഗപ്പള്ളി എംഎൽഎ സി.ആർ. മഹേഷ് നിർവഹിച്ചു. രോഗികൾക്കുള്ള പ്രിവിലേജ് കാർഡുകളുടെ ഉദ്ഘാടനം ആസ്റ്റർ പിഎംഎഫ് ഹോസ്പിറ്റലിന്റെ ഓപ്പറേഷൻസ് മേധാവി വിജീഷ്, സി.ആർ. മഹേഷ് എംഎൽഎക്ക് നൽകി നിർവഹിച്ചു.ജോലിതിരക്കിനിടയിൽ ആശുപത്രിയിൽ നേരിട്ടെത്താൻ കഴിയാത്തവർക്കും ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. പ്രായാധിക്യം മൂലം കഷ്ടപ്പെടുന്നവർക്കും അവരുടെ ബന്ധുക്കൾക്കും ഏറെ സഹായകമായിരിക്കും ഈ സേവനങ്ങൾ.മുറിവുകൾ ഡ്രസ്സിംഗ് ചെയ്യുന്നതിനും ഇന്‍ജെക്ഷനുകൾ എടുക്കുന്നതിനും ഇനി ആശുപത്രികളിൽ കാത്തുനിൽക്കേണ്ടതില്ല. ഏറ്റവും വേഗതയോടെയും കൃത്യതയോടെയും വീട്ടിൽ തന്നെ അതിനുള്ള സഹായമെത്തും. മുതിർന്നവർക്കും കുട്ടികൾക്കും ഡോക്ടർമാരുടെ വിദഗ്ധ സേവനവും വീട്ടുപടിക്കലെത്തും. ആവശ്യമുള്ളവർക്ക് പ്രത്യേക പരിശീലനം നേടിയ നേഴ്സുമാരുടെ പരിചരണവും ലഭ്യമാണ്. ഇസിജിയുൾപ്പെടെയുള്ള പരിശോധനകളും എല്ലാതരം ലാബ് പരിശോധനകളും വീടുകളിൽ തന്നെ ചെയ്യാം. രക്തസാമ്പിളുകൾ വീട്ടിലെത്തി ശേഖരിച്ച് ഫലം എത്തിക്കുന്നതാണ്. കിടപ്പുരോഗികൾക്ക് കാനുലേഷൻ, സ്പോഞ്ച് ബാത്ത്, ഫിസിയോതെറാപ്പി, യൂറിനറി കതീറ്റർ ഇടലും നീക്കംചെയ്യലും, എനിമ എന്നിവ ഇനി വീടുകളിൽ തന്നെ ചെയ്യും. മുറിവുകളിലെ സ്റ്റിച്ചുകൾ നീക്കം ചെയ്യുന്നതിനും നേഴ്സുമാർ നേരിട്ട് രോഗിയുടെ വീടുകളിലെത്തും. ശ്വാസംമുട്ടുള്ളവർക്ക് നെബുലൈസേഷൻ, പ്രമേഹരോഗികൾക്ക് വീടുകളിലെത്തി ഇൻസുലിൻ നൽകാനും, രക്തത്തിലെ ഗ്ളൂക്കോസും ഓക്സിജനുമുൾപ്പെടെ നിർണായകമായ പരിശോധനകൾക്കുമുള്ള സംവിധാനവുമുണ്ട്.രാവിലെ 7 മണി മുതൽ വൈകിട്ട് 7 മണി വരെ കൊല്ലത്തെ പൊതുജനങ്ങൾക്ക് ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താം. അടിസ്ഥാനപരമായ എല്ലാ ആശുപത്രിസേവനങ്ങളും നൂതനസാങ്കേതിക സംവിധാനങ്ങളുടെ പിന്തുണയോടെ മിനിറ്റുകൾക്കുള്ളിൽ വീട്ടിൽ ലഭ്യമാക്കാം. കൂടാതെ അവശ്യമരുന്നുകളും ഉപകരണങ്ങളും വീടുകളിൽ എത്തിച്ചു നൽകുമെന്നും ആസ്റ്റർ അധികൃതർ വ്യക്തമാക്കി.ആസ്റ്റർ @ ഹോം സേവനം ബുക്ക് ചെയ്യുന്നതിലും സംശയങ്ങൾ ചോദിക്കുന്നതിനും 9048018835 എന്ന നമ്പറിൽ ബന്ധപ്പെടാം.

# ഹോട്ടലുകൾ ശുചിത്വ മുൻകരുതലുകൾ സ്വീകരിക്കണം: കെ.എച്ച്.ആർ.എ

**കൊച്ചി:** എല്ലാ ഹോട്ടലുകളിലും എഫ്.എസ്.എസ്.എ. മാനദണ്ഡപ്രകാരമുള്ള ശുചിത്വ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ. മഴക്കാലമായതോടെ പകർച്ചവ്യാധികൾ പിടിപെടുവാനുള്ള സാധ്യതയുള്ളതിനാൽ തിളപ്പിച്ചാറ്റിയവെള്ളം മാത്രം ഉപഭോക്താക്കൾക്ക് നൽകണം. കുടിവെള്ളടാങ്കും കിണറുകളും നിശ്ചിത ഇടവേളകളിൽ ശുചീകരിക്കണം. ഹോട്ടലുകളിലെ ശുചിത്വം ഉറപ്പാക്കുവാൻ സംഘടന രൂപീകരിച്ചിട്ടുള്ള ഹൈജീൻ മോണിറ്ററിംഗ് സ്ക്വാഡിന്റെ പരിശോധന എല്ലാ യൂണിറ്റുകളിലും സജീവമാക്കണം. അശ്രദ്ധമൂലം ഉണ്ടാകുന്ന ഇത്തരം സംഭവങ്ങൾ ഹോട്ടൽമേഖലയേയും, ടൂറിസം മേഖലയേയും പ്രതികൂലമായി ബാധിക്കുന്നു. ഹോട്ടലുടമയുടെ അനാസ്ഥമൂലം ഉണ്ടാകുന്ന അപകടങ്ങളിൽ ഹോട്ടലുടമയെ സംഘടന സംരക്ഷിക്കുകയില്ലായെന്നും, എല്ലാ അംഗങ്ങളും ഭക്ഷ്യസുരക്ഷാവകുപ്പിന്റേയും ആരോഗ്യവകുപ്പിന്റേയും പരിശോധനകളുമായി സഹകരിക്കണമെന്നും സംസ്ഥാന പ്രസിഡന്റ് ജി. ജയപാലും ജനറൽസെക്രട്ടറി കെ. പി. ബാലകൃഷ്ണ പൊതുവാളും പറഞ്ഞു.

# കളമശ്ശേരി ഗവ.വനിത ഐ.ടി.ഐ യിൽ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു

**കൊച്ചി:** കളമശ്ശേരി ഗവ. വനിത ഐ.ടി.ഐ യിൽ ഐ.എം.സിയുടെ ആഭിമുഖ്യത്തിൽ, പ്ലസ് ടു മുതൽ യോഗ്യതകൾ ഉള്ള ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും ചുരുങ്ങിയ ചെലവിൽ കേന്ദ്ര സർക്കാർ അംഗീകാരത്തോടെ നടത്തുന്ന ഏവിയേഷൻ മാനേജ്മെന്റ് & ടിക്കറ്റിംഗ് കൺസൾട്ടന്റ്, ഡിപ്ലോമ ഇൻ ഡിജിറ്റൽ മാർക്കറ്റിംഗ് കോഴ്സുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. വിശദവിവരങ്ങൾക്ക് 8075305445, 8078353431

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663

# നവീകരിച്ച നിസാൻ കഷ്കായി നിരത്തിലേക്ക്




**കൊച്ചി:** നിസാന്റെ ഇപവർ സംവിധാനം ഉപയോഗിച്ച് വൈദ്യുതീകരിച്ച പുതിയ കാഷ്കായ് വരും ആഴ്ചകളിൽ പുറത്തിറക്കും. ഇലക്ട്രിക് വാഹന നിർമ്മാണവും ബാറ്ററി ഉൽപ്പാദനവും പുനരുപയോഗിക്കാവുന്നവ കൊണ്ട് പ്രവർത്തിക്കുന്ന വാഹന നിർമ്മാണത്തിന്റെ ഭാവിയിലേക്കുള്ള ഇവി3സീറോ വികസിപ്പിക്കുന്നതിന് മുന്നോടിയായാണ് പുതുക്കിയ കാഷ്കായ് എത്തുന്നതെന്ന് നിസാന്റെ യുകെയിലെ നിർമ്മാണ വൈസ് പ്രസിഡന്റ് ആദം പെന്നിക്ക് പറഞ്ഞു. കാഷ്കയിയുടെ സണ്ടർലാൻഡിൽ ഇപവർ ഉപയോഗിച്ച് നിർമ്മിച്ച 120,000ലധികം കഷ്കായികളും ഇപ്പോൾ നിരത്തിലുണ്ട്. 30,135 പൗണ്ട് മുതലാണ് പുതിയ മോഡലിന്റെ വില. ഗൂഗിൾ ബിൽറ്റ്ഇൻ സ്യൂട്ടോടുകൂടിയ നിസാന്റെ യൂറോപ്യൻ ശ്രേണിയിലെ ആദ്യത്തെ വാഹനം കൂടിയാണ് പുതുക്കിയ കാഷ്കായ്. ഭാവി മോഡലായ നിസാൻ ഇവി3സീറോ, സീറോ എമിഷൻ ഡ്രൈവിംഗും സീറോ എമിഷൻ മാനുഫാക്ചറിംഗും എന്ന ലക്ഷ്യത്തോടെ ഇവി, ബാറ്ററി നിർമ്മാണം ഒരുമിപ്പിക്കുന്നു. നേട്ടത്തിൽ അഭിമാനമുണ്ടെന്നും ഉപഭോക്താക്കൾ പുതിയ ഡിസൈനും സാങ്കേതികവിദ്യയും എത്രമാത്രം ആസ്വദിക്കുന്നു എന്നറിയാൻ ആകാംക്ഷയുണ്ടെന്നും ആദം പെന്നിക്ക് പറഞ്ഞു.